

# തണൽ

## ലിറ്റിൽ കൈറ്റ്സ് മാഗസിൻ

സി ജെ എം എ എച്ച് എസ് എസ് വരന്തരപ്പിള്ളി

# താളുകളിലൂടെ

സ്കൂൾ വാർത്തകൾ

ലിറ്റിൽകൈറ്റ്സ് പ്രവർത്തനങ്ങൾ

സ്വർണ്ണക്കിളി

ഒട്ടകവും ആനയും

തുന്നൽക്കാരൻ

നമ്മുടെ വിദ്യാലയം

താരാട്ട്

മാധ്യമം

പുഴയുടെ ദുഃഖം

മഴ

അപ്പം പങ്കുവച്ച പൂച്ച

അമ്മ തന്നൊരുമ്മ

എന്റെ നാട്

കവിത വന്ന വഴി

വള്ളത്തോളിന്റെ പ്രസിദ്ധമായ വരികൾ

അത്യാഗ്രഹിയായ ക്ഷുരകൻ

# എഡിറ്റോറിയൽ

വൈവിധ്യത്തിൻെറ വർണശോഭ വിതറികൊണ്ട് തണൽ ഇതൾ വിരിക്കുകയാണ്പല ഡിവിഷനിലുമുള്ള ഞങ്ങൾ ഇവിടെ ഒന്നിച്ചുചേർന്നപ്പോൾ തണൽ വിരിയുകയായ്.............

ചന്ദ്രനും താരകങ്ങളും പുഞ്ചിരിതൂകി കണ്ണിനാനന്ദവും മനസ്സിനു കുളിർമ്മയുമേകുന്നപോലെ CJMAHSS-ലെ Littlekites അംഗങ്ങൾ കഥയും കവിതയും ലേഖനങ്ങളുമായിഒന്നിച്ചുചേർന്നപ്പോൾതണലിൻെറ രൂപഭംഗിയേറി. അനേകംമനസ്സുകൾക്ക് ആശ്വാസവും വിശ്രമവുമായി തണൽ മാറുമ്പോൾ ഈ തണലും കണക്കിൻേറയും ഫിസിക്സിൻേറയുമൊക്കെ പിരിമുറുക്കത്തിൽ നിന്നകന്ന് ചിന്തിക്കാൻ ആശ്വസിക്കാൻ ഒരു ഇടമായി മാറി.

ഈ തണൽ ഇവിടെ പൂർത്തിയാകാൻ കൈകോർത്തുനിന്ന എല്ലാ കൂട്ടുക്കാർക്കും നന്ദി.

ലിറ്റിൽകൈറ്റ്സ് മാഗസിൻ

സി ജെ എം എ എച്ച് എസ് എസ് വരന്തരപ്പിള്ളി

# സ്കൂൾ വാർത്തകൾ















സി ജെ എം എ എച്ച ഏസ എസ വരന്തരപ്പിള്ളി



Sasthrarangam



LED BULB നിർമ്മാണം




പ്രതിഭ സന്ദർശനം



മലയാളദിനം






**സി ജെ എം എ എച്ച് എസ് എസ് വരന്തരപ്പിള്ളി**


# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ















ലിറ്റിൽകൈറ്റ്സ് മാഗസിൻ

സി ജെ എം എ എച്ച് എസ് എസ് വരന്തരപ്പിള്ളി


















സി ജെ എം എ എച്ച് എസ് എസ് വരന്തരപ്പിള്ളി

# സ്വർണ്ണ കിളി

ഒരു കാട്ടിൽ ഒരു സ്വർണ്ണ കിളി താമസിച്ചിരുന്നു.ആ കാട്ടിലെ എല്ലാ ജീവജാലങ്ങൾക്കും ആ കിളിയെ ഒത്തിരി ഇഷ്ടമായിരുന്നു. ആ കാട്ടിലെ കിളികളുടെരാജ്ഞിയായിരുന്നു ആ സ്വർണ്ണ കിളി. ഒരു ദിവസംഒരു വേടൻ ആ സുന്ദരമായ കാട്ടിൽ എത്തി. ഒരുകിളിയെ ഉന്നം പിടിച്ച അമ്പ് വിട്ടു കിളിയുടെ ശരിരത്തിൽ അമ്പ് കൊണ്ടു. അതിനു ചെറിയ മുറിവുകൾ പറ്റി . ആ കിളി പറന്ന് സ്വർണ്ണകിളിയുടെ അടുത്ത് എത്തി. സ്വർണ്ണ കിളി ഉടൻ-തന്നെ തൻെറ കൊക്കുകൊണ്ട് ആ മുറിവിൽ കൊത്തി.അപ്പോൾ തന്നെ ആ മുറിവ് മാഞ്ഞു പോയി. അങ്ങനെനാളുകൾ കടന്നു പോയി. ഒരു ദിവസം സ്വർണ്ണ കിളികാടിന് പുറത്ത് പോയി വന്നു. അപ്പോൾ കണ്ട കാഴ്ചകിളിയെ ഞെട്ടിച്ചുകളഞ്ഞു . കുറച്ച് മനുഷ്യർ ചേർന്ന് ആ കാട്ടിലെ മരങ്ങൾ വെട്ടി കാടിന് തീയിട്ടു. ആ തീയിൽ ആ കാട്ടിലെ ജീവജാലങ്ങൾ ചത്തു ഒടുങ്ങി .അവരെ രക്ഷിക്കുന്നതിനിടയിൽ സ്വർണ്ണ കിളിയുംആ തീയിൽ അകപ്പെട്ടു. ആ സ്ഥലത്ത് ഒരു ഫാക്ടറി പണിതെടുത്തു. ആ ഫാക്ടറിയിൽനിന്ന് വരുന്ന മാലിന്യങ്ങളും മലിനമായ



വായും കാരണം മനുഷ്യരും അസുഖങ്ങൾ പിടിച്ച് മരിക്കുന്നു. മനുഷ്യർകാരണം മനുഷ്യർ തന്നെ മരിക്കുന്നു. അപ്പോൾ ആ കാട് നശിപ്പിച്ചില്ലെ-

ങ്കിൽ ഇതൊന്നും വരുകയില്ല. നമ്മൾ ഒരിക്കലുംപ്രകൃതിയെ നശിപ്പിക്കരുത്.അത് ഒരുനാൾനമ്മുക്ക് തന്നെ ആപത്താകും.

# ഒട്ടകവും ആനയും

ഒരിടത്ത് ഒരു ഒട്ടകവും ഒരു ആനയും നടക്കുകയായിരുന്നു.

പെട്ടെന്ന് ആനയ്ക്ക് വെള്ളം ദാഹിച്ചു. ഒട്ടകം പറഞ്ഞു അവിടെനല്ലൊരു കുളം ഉണ്ട്.

അതും പറഞ്ഞ് ഒട്ടകം നടക്കാൻ തുടങ്ങിഒട്ടകം നടക്കുന്നവഴിയിൽ


ഒരു ചെന്നായ നിൽക്കുന്നുണ്ടായിരുന്നു.ഒട്ടകത്തെ ചെന്നായ

കടിക്കുമ്പോഴേക്കും ആന അവിടെ എത്തി.ആനയെ കണ്ട് ചെന്നായ പേടിച്ച് ഓടിപോയി.

അത് കഴിഞ്ഞഅവരുടെ സഞ്ചാരം തുടങ്ങി.അങ്ങനെ അവർ നല്ല കൂട്ടുകാരായി മാറി

ഗുണപാഠം

**ആപത്തിൽ കൂടെ നിൽക്കുന്നവരാണ് യഥാർത്ഥ കൂട്ടുക്കാർ**




ലിറ്റിൽകൈറ്റ്സ് മാഗസിൻ

സി ജെ എം എ എച്ച് എസ് എസ് വരന്തരപ്പിള്ളി

# തുന്നൽക്കാരൻ

കൊട്ടരത്തിലെ പണിക്കാരിൽ പലരും പണിക്കായി

നല്കുന്ന സാധനങ്ങൾ മോഷ്ടിക്കുന്നുണ്ടെന്ന് ഒരിക്കൽബീർബൽഅക്ബറിനോടു

പറഞ്ഞു . എന്നാൽ അദ്ദേഹത്തിന്അത്ര വിശ്വാസം വന്നില്ല .

സത്യാവസ്ഥ അറിയാനായിഅക്ബർ കൊട്ടാരംതുന്നൽക്കാരന് കുറച്ചുതുണി

കൊടുത്തിട്ടുരാജ്ഞിക്ക് ഒരു ബ്ലൗസ് തുന്നാൻ ഏല്പിച്ചു . കൊട്ടാരത്തിലെ

കാവൽക്കാരുടെമുന്നിലിരുന്നു വേണമായിരുന്നു ബ്ലൗസ് തുന്നാൻഒരുരണ്ടു ദിവസം കഴിഞ്ഞപ്പോൾ തുന്നൽക്കാരന്റെ മകൻജനാലയ്ക്കൽ വന്നുനിന്ന് അയാൾ വീട്ടിലേക്ക് ചെല്ലാത്തത് എന്താണെന്ന് അന്വേഷിച്ചു . തുന്നൽക്കാരൻ മറുപടി പറയാതെ ചെരുപ്പ് ഊരി മകനെ എറിയുകയാണുണ്ടായത്. പിന്നീട് അയാൾ ബ്ലൗസ് തുന്നി രാജാവിനു നല്കി. എന്നാൽ കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ തന്റെ ബ്ലൗസ് തുന്നിയ അതേ തുണികൊണ്ടുള്ള ബ്ലൗസ് മറ്റൊരു സ്ത്രീ ധരിച്ചിരിക്കുന്നതായി രാജ്ഞി കണ്ടെത്തി . രാജാവ് തുന്നൽക്കാരനെ വിളിച്ചു വരുത്തി പേടിച്ചു വിറച്ചു അയാൾ

ഉള്ള സത്യം തുറന്നു പറഞ്ഞു എന്താണെന്നോ ? മകന്റെ നേരേ എറിഞ്ഞ ചെരുപ്പിൽ അയാൾ ഒരു കഷണം തുണി ഒളിപ്പിച്ചുവെച്ചിരുന്നു ആ തുണികൊണ്ടാണ് തുന്നൽക്കാരന്റെ ഭാര്യ തനിക്കുള്ള ബ്ലൗസ് തുന്നിയത്. പറഞ്ഞത് സത്യമാണെന്ന് അതോടെ അക്ബറിനു ബോധ്യമായി.

# നമ്മുടെ വിദ്യാലയം

തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി എന്ന ഒരു ഗ്രാമത്തിലാണ് ഞങ്ങളുടെ വിദ്യാലയം.ഒരു പ്രശസ്തമായ വിദ്യാലയമാണ് ഞങ്ങളുടേത്. പള്ളിക്കുന്ന് പള്ളിയുടെ എതിർവശത്താണ്ഞങ്ങളുടെ വിദ്യലയം നില്ക്കുന്നത് . പഴയരിതിയിൽ

പണിതിട്ടുള്ള വലിയകെട്ടിടങ്ങൾ സ്കൂളിലുണ്ട്.അവയെ തമ്മിലിണക്കുന്ന

വഴിത്താരകളും കെട്ടിടങ്ങൾക്ക്തണൽ വിരിച്ച് നിൽക്കുന്ന

വൻ വൃക്ഷങ്ങളും കാണാൻ നല്ല ഭംഗിയുണ്ട്. സ്ക്കൂളിന്റെ

മുറ്റത്തെ പൂന്തോട്ടങ്ങളും പൂന്തോട്ടത്തിൽ പലവർണ്ണത്തിലും ഗന്ധത്തിലുമുള്ള പൂക്കൾ വിടർന്നുനിൽക്കുന്നു.

പ്രധാന അദ്ധ്യാപിക എല്ലാവർക്കും ബഹുമാന്യയായ ഒരു വ്യക്തിയാണ് എറ്റവും നല്ല ഒരു ഐെട്ടിലാബും ലാബോറട്ടറിയും ലൈബ്രറിയും ഉണ്ടെന്നതാണ് സ്കൂളിലെ പ്രത്യേകത. കുട്ടികൾക്ക് വായിക്കാൻ പറ്റിയ ഒരുപാട് പുസ്തകങ്ങൾ ഇവിടെയുണ്ട്.




ലിറ്റിൽകൈറ്റ്സ് മാഗസിൻ

സി ജെ എം എ എച്ച് എസ് എസ് വരന്തരപ്പിള്ളി

# താരാട്ട്

ഉറങ്ങുറങ്ങ് ചാഞ്ഞുറങ്ങ്
അമ്മതൻ പൈതൽ ചാഞ്ഞുറങ്ങ്
കാറ്റിൻെറ ഓളങ്ങൾ അലതല്ലും രാവിൽ
അമ്മേടെ പൊന്നുമോൻ കിടന്നുറങ്ങ്
അപ്പൂപ്പൻതാടിയും കാക്ക...തമ്പ്രാട്ടീം
കൂട്ടുണ്ടാക്കിയ കഥ പറയാം
ആകാശത്ത് വെട്ടിതിളങ്ങണ
അമ്പിളിമാവനെ പിടിച്ചുതരാം
ആരോരുമില്ല..... ഇത്തിരിവെട്ടത്ത്
ഒറ്റക്ക് മൂളണ മൂങ്ങപെണ്ണിനെ കാട്ടിതരാം
രാവിൽ ചുറ്റും മിന്നിതിളങ്ങണ
മിന്നാമിന്നിനെ അടച്ചുവെക്കാം

ആരാരോ... ആരിരാരോ...

ആരാരോ... ആരിരാരോ...

അമ്മേടെ പൊന്നുമോൻ രാരാരോ....

രാരാരോ... രാരാരോ.




ലിറ്റിൽകൈറ്റ്സ് മാഗസിൻ

സി ജെ എം എ എച്ച് എസ് എസ് വരന്തരപ്പിള്ളി

# പുഴയുടെ ദു:ഖം

പണ്ടു ഞാൻ ഏറെ
സന്തോഷിച്ചു
ഇപ്പോഴിതാ എൻ
ദുഃഖം ആരറിയാൻ
എല്ലാവരും നല്ലതിരക്കിലാണ്
എന്നെ ആരും
നോക്കുന്നുമില്ല
ഞാൻ കരയുന്നത്
ആരറിയാൻ
എൻെറ
കൂട്ടുകാർ
ഇതാ ചത്തുതുടങ്ങി
ശുദ്ധവായുവില്ലാതെ
എന്നിലിതാ മാലിന്യം
മാത്രമേയുള്ളൂ



# മാധ്യമം

നമ്മുടെ ചുറ്റിലും മാധ്യമങ്ങൾ അറിവുകൾ പകരും

മാധ്യമങ്ങൾലോകവിവരം പകർന്നു നൽകി

അറിവിന്റെ വാതിൽ തുറക്കുന്നു.ഒരു നാണയത്തിനിരുപുറം പോലെ

ഗുണദോഷസമ്മിശ്രം മാധ്യമങ്ങൾ.സത്യവും നീതിയും ന്യായവു-

മൊരുപുറം.സ്വാർത്ഥതയും അസത്യവും മറുപുറം.സത്യവും നീതിയും

പുലർത്തുമീ മാധ്യമം-മനുഷ്യരിൽ സ്വാധീനം ഉണ്ടാക്കിയില്ലയോ?

ഈ സ്വാധീനത്തെ നിലനിർത്തുവാനായ്




ലിറ്റിൽകൈറ്റ്സ് മാഗസിൻ

സി ജെ എം എ എച്ച് എസ് എസ് വരന്തരപ്പിള്ളി

# മഴ

*ഉണങ്ങിനിൽകുന്ന ഭുമിക്ക്കുളിർമ്മയായി,*

*മഴത്തുള്ളികൾ തുള്ളികളിച്ച*

*വിതുമ്പി വിതുമ്പി നിന്ന പൂക്കൾക്കെല്ലാം*

*ഒരു കുളിർജാലം തുറന്നു*

*നൃത്തമാടാൻ കാത്തിരുന്ന മയിലുകളെല്ലാം*

*നൃത്തമാടാൻ തുടങ്ങി ഞാനും കൂടെ കളിച്ചു*

*മഴയിൽ തുള്ളിക്കളിക്കുന്ന മരങ്ങൾക്ക്*

*മഴയൊരു ആഘോഷമായിമാറി*

*കാർമേഘം വിതുമ്പുന്നതാണോ ഈ പോൽ മഴ?*

*ഭൂമിക്കുംചെടികൾക്കും*
*പൂക്കൾക്കും*

*മഴയൊരു കുളിർമയായി*

*കുളിർമഴയെ പോകരുതെ*

*കുളിർമഴയെ പോകരുതെ*



# അപ്പം പങ്കുവച്ച  പൂച്ച

*ഒരിക്കൽ രണ്ടു കുട്ടിക്കുരങ്ങന്മാർ  ഉണ്ടായിരുന്ന. അവർക്ക് ഒരിക്കൽ ഒരപ്പം കിട്ടി. ഒരപ്പം രണ്ടുപേർ  എങ്ങനെവീതിക്കും? രണ്ടുപേർക്കും ഒരുപോലെ കിട്ടണം. അതിനെന്തുവഴി?*

*കുട്ടിക്കുരങ്ങന്മാർ ആലോചിച്ചു. പൂച്ചക്കുട്ടനെകൊണ്ടു അപ്പം  വീതം വയ്പ്പിക്കാമെന്ന തീരുമാനിച്ചു. അവർ അപ്പവുമായി  പൂച്ചയുടെ മുന്നിലെത്തി. കാര്യം പറഞ്ഞു അപ്പവും കൊടുത്തു. പൂച്ചക്കുട്ടൻ  അപ്പം തിരിച്ചും മറിച്ചും നോക്കി. കൃത്യം നടുവേ  മുറിച്ചു. രണ്ടു  കഷണത്തിലേക്കും  നോക്കി. ഒരു  കഷണം  മറ്റേതിലും അല്പം വല്ല്യതാണ്. ശരിയല്ലേ അവൻ കുരങ്ങന്മാർ  വലിയ കഷണത്തിന്റെ അരിക് കടിച്ചു തിന്ന എന്നിട്ടു നോക്കി. കഷ്ടം കഷ്ടം. ഇപ്പോൾ മറ്റേ കഷണം അല്പം വലുതാണ്! പൂച്ച ആ കഷണം അല്പം കടിച്ചുതിന്ന. അതാ അപ്പോൾ  മറ്റേ കഷണം അല്പം വലുതായിപ്പോയി. പൂച്ചക്കുട്ടൻ അതും കടിച്ചു  തിന്ന. അങ്ങനെ  രണ്ടു കഷണം അപ്പം മാറിമാറി കടിച്ച് അപ്പമെല്ലാം  പൂച്ചക്കുട്ടന്റെ  വയറ്റിലാക്കി. ഇത് കണ്ട് കുട്ടിക്കുരങ്ങന്മാർ വായ് പൊളിച്ചു നിന്ന. പൂച്ചക്കുട്ടൻ ങ്യാവൂ  ങ്യാവൂ എന്ന് കരഞ്ഞു കൊണ്ടു അവരെ  കളിയാക്കി  ഓടിപ്പോയി.  അപ്പം കിട്ടിയിട്ടും ഒരുമയില്ലാതെ അത് കൈവിട്ടതോർത്ത്  കുരങ്ങന്മാർ സങ്കടപ്പെട്ടു.*




ലിറ്റിൽകൈറ്റ്സ് മാഗസിൻ

**സി ജെ എം എ എച്ച് എസ് എസ് വരന്തരപ്പിള്ളി**

# അമ്മ തന്നൊരുമ്മ

***ഒട്ടിയ വയറിന്റെ നോവ***

***ഓർത്തപ്പോൾ***

***കണ്ണിർ നനവിനാൽ***

***കരളലിഞ്ഞ് പോയ്***

***നിസഹായതയാൽ***

***അമ്മ തന്നോരുമ്മ***

***വിശപ്പകറ്റിയപ്പോൾ***

***ഞാനറിഞ്ഞു***

***വേവിച്ച വറ്റിനേക്കാൾ എത്രയോ***

***വലുതാണ് അമ്മ തന്നോരുമ്മ***




ലിറ്റിൽകൈറ്റ്സ് മാഗസിൻ

**സി ജെ എം എ എച്ച് എസ് എസ് വരന്തരപ്പിള്ളി**

# എന്റെ നാട്

ഒരിക്കലെന്റെ നാട്

ഒരുമയുടെ പൂങ്കാവനമായിരുന്നു.

ഇന്നന്റെ നാട്

ഇത്രമേൽ അധഃപതിച്ചില്ലായൊരിക്കലും

നാടെന്റേ താണെന്നുചൊല്ലുവാൻ,

നാണം തോന്നുന്നു നാവിൻ മനസിന്

അത്രമേലധഃപതിച്ചെന്റെ നാട്

അന്ധകാരത്തിലായെന്റെ നാട്

നാടിന് നല്ലത് ചെയ്യേണ്ടവർ

നാടിനെ നാലായി പങ്കുവെച്ച്

ഓരോരോ പങ്കും

ഓരോ കൊടിക്കീഴിലായ്

ഓണം പോലെയെല്ലാഘോഷങ്ങളും

ഒത്തൊരുമിച്ചാഘോഷിച്ച നാട്ടിൽ

കത്തികുത്തും തമ്മിലടിയും

കൊല്ലലുമാകുന്നു ഇന്നത്താഘോഷങ്ങൾ

മത- ജാതിദ്വേഷങ്ങൾ വീണ്ടും

മര്ത്യരെ തമ്മില് തരം തിരിക്കുന്നു

തമ്മിൽ തമ്മിൽ സ്നേഹിക്കേണ്ടവർ

അകന്നു പോകുന്നു

ഒത്തൊരുമിച്ചാൽ നിങ്ങൾക്ക് ഒത്തൊരു ജീവിതം

ലിറ്റിൽകൈറ്റ്സ് മാഗ



സി ജെ എം എ എച്ച് എസ് എസ് വരന്തരപ്പിള്ളി

# കവിത വന്ന വഴി

കരിക്കലം
കഴുകുമ്പോഴാണ്
കവിത
വന്നു മുട്ടിയത്
ഈയ്യൊണ്ടെങ്ങനെ?!.......
ദോശക്കല്ലിൽ
മാവിനൊപ്പം
ആദ്യത്തെ വരി
പൊങ്ങി വന്നു
ചട്ണിയില്ലതെങ്ങനെ?!.......
മുറ്റവുമായ്
മല്ലിടുമ്പോൾ
മിന്നായംപോലോരു വരിഇടയ്ക്കു വെച്ചെങ്ങനെ?!.......
സോപ്പുപത
ചാടിക്കടന്നൊരു
വരി മുന്നിൽ കിതച്ചു
വെയിലല്ലേ വലുത്?!.......
തിരക്കൊഴിഞ്ഞു
കവിതയെ തിരകി
വഴിക്കണ്ണുമായ് ഞാനിരുന്നു
കാറ്റുവന്നു;കനൽമഞ്ഞു
കവിത പോയ വഴിക്കന്ന്

# വള്ളത്തോളിന്റെ പ്രസിദ്ധമായ വരികൾ

*.അപ്പപ്പോൾ തന്നോടുചേരും നദികളെയുപ്പു പിടിപ്പിക്കില്ലിസമുദ്രം!*

*(ഭാരതസ്ത്രീകൾതൻ ഭാവശുദ്ധി)*

*. ചങ്ങാതിമാർഗളേ പണ്ടപ്പിശാചിനെച്ചക്രംതിരിക്ക, തിരിക്ക നമ്മൾ.*

*(ചക്രഗാഥ)*

*: കേട്ടു പഠിച്ചു പഠിച്ചു നടപ്പായ പാട്ടിതു നമ്മൾക്കൊരന്യവേദം*
*(പണ്ടത്തെപ്പാട്ടുകൾ)*


*. പരക്കെ പരക്കെലാളനം കിടയ്ക്കിലും, കാട്ടിൽപ്പറക്കലേ*

*പച്ചക്കിളിക്കൊരു സുഖം! (വിവാഹമോചനം)*

*.കൊടിയ പീഡകളെത്ര ഭവിക്കിലും വെടിയുകില്ല മനസ്വികൾ പൗരുഷം.*

*(ചിത്രയോഗം)*

*സ്വയമോർത്തുപശാന്തി ചെയ്കിലേ നിയതം പാതകി നിർവ്വതിപ്പെടൂ. (ഒരു കത്ത്)*



ലിറ്റിൽകൈറ്റ്സ് മാഗസിൻ

സി ജെ എം എ എച്ച് എസ് എസ് വരന്തരപ്പിള്ളി

# അത്യാഗ്രഹിയായ ക്ഷുരകൻ

ഗ്രാമത്തിൽ ശിവഭക്തനായ ഒരു ബ്രാമണനുണ്ടായിരുന്നു. അയാൾ ഒരു ദിവസം പോലും മുടങ്ങാതെ ശിവക്ഷേത്രത്തിൽ പോയി തൊഴുതു പ്രാർത്ഥിക്കുമായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം ശിവൻ അയാളുടെ മുമ്പിൽപ്രത്യക്ഷനായി. ഭക്ത നാം നിന്നിൽ സംപ്രീതനായിരിക്കുന്നു പറയൂ നിനക്ക് എന്താണ് വേണ്ടത് പരമശിവൻ ചോദിച്ചു .

അങ്ങനെ ഒരു ദർശനമുണ്ടായ ഞാൻ ഭാഗ്യ വാനാണ്. "എൻെറ ദാരിദ്ര്യം തീർത്ത് സന്തോഷത്തുടെ ജീവിക്കാ ൻ അനുവദിച്ചാലും " ബ്രാമണൻ അപേക്ഷിച്ചു.

ഞാൻ പറയുന്നത് ശ്രദ്ധിച്ചു കേട്ടു പ്രവർത്തിക്കു ക. നാളെ അതിരാവിലെ കുളിച്ച ശേഷം മുടി വടിക്കുക.അതിനുശേഷം നല്ലൊരു വടിയുമായി കുറ്റിക്കാട്ടിൽ നിൽക്കുക അപ്പോൾ ഒരു സന്യാസി അതു വഴി വരും. നീ ആ വടികൊണ്ട് അയാളുടെ തലയിൽ നല്ലൊരു അടി കൊടുക്കണം

ഉടനെ അയാൾ സ്വർണ വിഗ്രഹമായി മാറും അത് നിനക്ക് സുഖമായി ജീവിക്കാനുള്ള വക നൽകും ബ്രാമണന് വരം നൽകിയിട്ട് ശിവൻ അപ്രത്യക്ഷനായി. പിറ്റന്ന് അതിരാവിലെ ഉണർന്ന് ബ്രാമണൻ പരമശിവനെ പ്രാർത്ഥിച്ച് അയൽവാസിയായക്ഷുരകനെ വരു ത്തി തല മൊട്ടയടിച്ചു. ക്ഷുരകന് ബ്രാമണൻെറ ഈ രീതിയിൽ എന്തോ പ്രത്യേകതയുള്ളതായി തോന്നി. കാരണം കുളിച്ച ശേഷം

തല വടിക്കുന്നവരെ അവൻഅതുവരെ കണ്ടിട്ടില്ലായിരുന്നു. അതിനെന്തെങ്കിലും പ്രശ്നം ഉണ്ടാകുമെന്ന് അവൻ ഊഹിച്ചു. അതുകണ്ട് ക്ഷുരകൻ അന്തം വിട്ട് നിന്നു സമ്പന്നനാകാൻ എന്തെളുപ്പം. നാട്ടുക്കാർ സന്യാസിയെ ഉടൻ തന്നെ വൈദ്യരുടെ അടുത്തെത്തിച്ചു എങ്കിലും അയാൾ രക്ഷപ്പെട്ടില്ല. രക്തം വാർന്ന് അയാൾ മരിച്ചു.

ക്ഷുരകനെ പിടികൂടി നാട്ടുകാർ രാജാവിൻെറ മുമ്പിൽ ഹാജറാക്കി. മണ്ടനും അത്യാഗ്രഹിയുമായ ക്ഷുരകന് കനത്ത ശിക്ഷ തന്നെ രാജാവ് നൽകി.



